



കോട്ടയം ലളിതകലാ അക്കാദമി ആർട്ട് ഗാലറിയിൽ ആരംഭിച്ച ചിത്രപ്രദർശനത്തിൽനിന്ന്

# മാറ്റത്തിൻെറ നിറങ്ങൾ ശ്രദ്ധേയമാകുന്നു

കോട്ടയം: വിഹ്വലതയുടെയും പ്രതിരോധത്തിൻെറയും കാഴ്ചയുടെ വർണങ്ങളുമായി അഞ്ച് ചിത്രകാരന്മാരുടെ ചിത്രപ്രദർശനം ശ്രദ്ധേയമാകുന്നു. 'മാറ്റത്തിൻെറ നിറങ്ങൾ' പ്രദർശനം കോട്ടയം ലളിതകലാ അക്കാദമി ആർട്ട് ഗാലറിയിലാണ് നടക്കുന്നത്. ശശി മേമുറി, കെ.ജി.ജയിൻ, എം.ആർ.രേണുകുമാർ, അനിരുദ്ധ് രാമൻ, അജയ് ശേഖർ എന്നിവരുടെ ചിത്രങ്ങളാണ് പ്രദർശനത്തിന് ഒരുക്കിയിട്ടുള്ളത്.

ശശിയുടെ 14 ചിത്രങ്ങളും അജയ്ശേഖറിൻെറ ഒമ്പതും രേണുകുമാറിൻെറ അഞ്ചും ജയിൻെറ മൂന്നും അനിരുദ്ധ് രാമൻെറ നാലും ചിത്രങ്ങളാണ് പ്രദർശനത്തിനുള്ളത്.

കെ.സി.എസ് പണിക്കർ, നാരായണഗുരു എന്നിവരുടെ ചിത്രങ്ങൾ ഉൾപ്പെടെ ഒറീസയിലെ ആദിവാസി ജീവിതത്തിലേക്ക് വെളിച്ചംവീശുന്ന ചിത്രങ്ങളാണ് ശശി മേമുറി ആവിഷ്കരിച്ചിരിക്കുന്നത്. ഒറീസയിലെ ആദിവാസി ഗ്രാമമായ ഹെരിജ ഫുങ്കാറിലൂടെ സഞ്ചരിച്ച് ഇവിടുത്തെ  ജീവിതം പകർത്തിയിരിക്കുകയാണ് ശശി.വ്യത്യസ്ത സംസ്കാരങ്ങളുടെ സമന്വയമാണ് ഇദ്ദേഹംആവിഷ്കരിച്ചിരിക്കുന്നത്. അംബേദ്കർ, സഹോദരൻ അയ്യപ്പൻ എന്നിവരുടെ ചിത്രങ്ങൾ ഉൾപ്പെടെ കാഴ്ചയിൽ വിഹ്വലതകളും വിരുദ്ധ ധ്വന്ദങ്ങളും വരച്ചിടുന്ന ന്യൂസ്, ദ ബ്രേക്ക്, ഡോഗ്മാറ്റിക് എന്നിവയാണ് അജയ്ശേഖർ തൻെറ ചിത്രശേഖരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ഡയലറ്റിക്സ് ഓഫ് മെറ്റീരിയലിസം പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു.

കൊളാഷ് ചിത്രങ്ങൾ ഉൾപ്പെടെ ആവിഷ്കാരത്തിൽ പുതിയ പകർപ്പ് മാതൃക സൃഷ്ടിക്കാനുള്ള ശ്രമമാണ് രേണുകുമാറിൻേറത്. വന്യമായ റോഡ്, വിത്ത് ഇൻ ഗ്രീൻ ഇവ പ്രധാന രചനകളാണ്.പേരിടാത്ത മൂന്ന് ചിത്രങ്ങൾ അവതരിപ്പിച്ചാണ് കെ.ജി ജയിൻ ശ്രദ്ധേയനാകുന്നത്. ആവിഷ്കാരത്തിൻെറ പുതിയ ഭാവം കണ്ടെത്തുന്ന ജയിൻ ചിത്രങ്ങൾ പുതിയ ശൈലിയാണ് സ്വീകരിക്കുന്നത്.

പ്രതിരോധത്തിന് പുതിയ കാൻവാസ് തേടുന്ന ചിത്രങ്ങളാണ് അനിരുദ്ധ് രാമൻേറത്. വിവിധ മാധ്യമങ്ങളിലാണ് ചിത്രങ്ങൾ വരച്ചിരിക്കുന്നത്. പ്രദർശനം നാളെ സമാപിക്കും.